ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി, ഡി) ഇല്ല.

(ഇ) ഡിസൈൻ തയ്യാറായതിനുശേഷമേ എസ്റ്റിമേറ്റ് തയ്യാറാക്കാൻ കഴിയുകയുള്ളു.

നാഷണൽ ഹൈവേയുടെ വികസനത്തിന് പുതുതായി നിർമ്മിച്ച പാലങ്ങൾ

1818 [2770] ശ്രീ. കെ. മൂസ്സക്കുട്ടി:

,, വി. കേശവൻ:

,, ഒ. രേതൻ: താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻ. എച്ച്. 47-ന്റെയും, എൻ. എച്ച്. 17-ന്റെയും വികസനത്തിനായി പുതുതായി നിർമ്മിച്ച പാലങ്ങൾ എത്ര?

ഉത്തരം

10 പാലങ്ങൾ പുതുതായി നിർമ്മിച്ചിട്ടുണ്ട്.

വട്ടേക്കാട് പാലം

1819 [2773] ശ്രീ. പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഒരുമനയൂർ—കടപ്പുറം പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കനോലി കനാലിനുമീതെയുള്ള വട്ടേക്കാട് പാലം നിർമ്മിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്, എന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഈ പാലം ഒരുമനയൂരിൽ നിന്നും കടപ്പുറംവരെയുള്ള റോഡിന്റെ പണിയിൽ ഉൾപ്പെട്ടതാണ്. പ്രസ്തുത പണിയുടെ പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

എരണിപ്പുഴ പാലം പണി

1820 [2777] ശ്രീ. കെ. പുരുഷോത്തമൻ: താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ എരണിപ്പുഴയിൽ പാലം പണിയുന്നതിനു നടപടികളെടുക്കുമോ?

ഉത്തരം

സാമ്പത്തിക പരിമിതികൾ കാരണം പാലം പണി ഉടനെ ഏറ്റെടുത്തുനടത്താൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly